അസോസിയേഷൻ മുതലായ വ്യാപാര വ്യവസായ സ്ഥാപനങ്ങളുമായി ഗവണ്മെണ്ട് ആലോചിച്ചു പ്രവർത്തിക്കാറുണ്ടെന്നു കൊച്ചിഗവണ്മെണ്ടിനറിയാമോ;

(ബി) ഉണ്ടെന്നുവരികിൽ അതിനെതുടർന്ന് എന്തു നടപടിയാണ് കൊച്ചിയിൽ എടുത്തിട്ടുള്ളതു;

(സി) കൊച്ചിയിൽ മട്ടാഞ്ചേരി, എറണാകുളം, തൃശ്ശിവപേരൂർ മുതലായ പ്രധാന സ്ഥലങ്ങളിലുള്ള വ്യാപാരസംഘങ്ങളുമായി ഈ വക കാര്യങ്ങളിൽ ഗവണ്മെണ്ട് ആലോചന നടത്തുകയോ അവരുടെ ഉപദേശം ആരായുകയോ ചെയ്തിട്ടുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ) ഗവണ്മെണ്ടിനു് അറിവില്ല.

(ബി) മേൽചോദ്യത്തിന്റെ ഉത്തരംകൊണ്ടു് ഈ ചോദ്യത്തിനു് ഉത്തരം ആവശ്യമില്ല.

(സി) ചോദ്യത്തിൽ പ്രസ്താവിച്ചിട്ടുള്ള സംഘങ്ങളുമായി ആലോചന നടത്താറില്ല. പക്ഷെ ടെക്സ്റ്റൈൽസ് അഡൈവസറി കമ്മിറ്റിയോടു് ആലോചിക്കാറുണ്ടു്.

TRAINING SCHOOL, RAMAVARMAPURAM—HOSTEL ACCOMMODATION—PARTICULARS OF

192. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) രാമവർമ്മപുരം ട്രെയിനിങ്ങ് കോളേജിൽ ഇക്കൊല്ലത്തിൽ ട്രെയിനിങ്ങ് കഴിക്കുവാൻ എത്ര അദ്ധ്യാപികാദ്ധ്യാപക വിദ്യാർത്ഥികൾ ചേർന്നിട്ടുണ്ടു;

(ബി) അവർക്കു താമസിക്കുന്നതിനു് എന്തെങ്കിലും സൌകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ടോ;

(സി) ഉണ്ടെന്നുവരികിൽ എത്ര പേർക്കു താമസിക്കുന്നതിനു സൌകര്യം ചെയ്തിട്ടുണ്ടു;

(ഡി) അദ്ധ്യാപികമാരുടെ ട്രെയിനിങ്ങ് രാമവർമ്മപുരത്തേക്കു മാറ്റി അവർക്കു താമസിക്കുവാനും ഭക്ഷണം കഴിക്കുവാനും വേണ്ടതായ സൌകര്യം ചെയ്തുകൊടുക്കുവാൻ ഗവണ്മെണ്ടു ശ്രമിക്കാത്തതു് എന്തുകൊണ്ടാണെന്നു് പറയാമോ;

(ഇ) രാമവർമ്മപുരത്തുള്ള ഗവണ്മെണ്ടു കെട്ടിടങ്ങളിൽ ഒന്നു് അദ്ധ്യാപികാദ്ധ്യാപകന്മാർക്കു താമസിക്കുന്നതിനു് ഒഴിഞ്ഞുകൊടുക്കുന്നതിനു സന്നദ്ധസ്സുണ്ടാകുമോ;

(എഫ്) തൃശ്ശിവപേരൂർ താമസിച്ചു രാമവർമ്മപുരത്തു ദിവസവും വന്നുപോകുന്നതിനു് ഒരു അദ്ധ്യാപിക വിദ്യാർത്ഥിക്കു് എന്തു ചിലവു വരുമെന്നു ഗവണ്മെണ്ടു് അന്വേഷിച്ചിട്ടുണ്ടോ;

(ജി) അദ്ധ്യാപക വിദ്യാർത്ഥികൾക്കു റേഷൻകാർഡു കിട്ടുവാൻ സാധിക്കാതെ ബുദ്ധിമുട്ടുന്നതു ഗവണ്മെണ്ടറിഞ്ഞിട്ടുണ്ടോ;

(എച്ച്) ഉണ്ടെന്നുവരികിൽ അത്തരം ദുരിതങ്ങൾക്കു സാമാധാനം വരുത്തുവാൻ ഗവണ്മെണ്ടു വിചാരിക്കുന്നുണ്ടോ;

(ഐ) അദ്ധ്യാപക വിദ്യാർത്ഥികൾക്കു് താമസിക്കുവാനും ഭക്ഷണം കിട്ടുവാനും ബുദ്ധിമുട്ടുണ്ടെന്നു കാണിച്ചു് സ്വയം അധികൃതരിൽനിന്നും റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ടോ;

(ജെ) അങ്ങിനെയുള്ള റിപ്പോർട്ടുകളിന്മേൽ എന്തു നടപടിയാണ് എടുത്തിട്ടുള്ളതു?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: (എ) ൪൨൦.

(ബി) ഉവ്വ്.

(സി) ൨൦൨. താമസസൌകര്യം വേണമെന്നു് അപേക്ഷിച്ചവർക്കെല്ലാം സൌകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ടു്.

(ഡി) ഗവണ്മെണ്ടു ശ്രമിക്കുന്നുണ്ടു്.

(ഇ) ആ കെട്ടിടങ്ങളിൽ ഇപ്പോൾ സ്റ്റെയിറ്റ് ഫോഴ്സ് സ്ഥിരതാമസമാക്കിയിരിക്കുന്നതിനാൽ ടി കെട്ടിടങ്ങൾ അദ്ധ്യാപകന്മാരുടെ ഉപയോഗത്തിനു കൊടുക്കുവാൻ തരമില്ല.

(എഫ്) ഇല്ല.

(ജി) ഇല്ല.

(എച്ച്) (ജി)-യുടെ ഉത്തരംകൊണ്ടു് ഇതിനു് ഉത്തരം ആവശ്യമില്ല.

(ഐ) ഉവ്വ്.

LIBRARY ARCHIVES Kerala Legislative Assembly

(ജ) ഫ ഫ ഠ ന-ൽ ഒരു ഹോസ്റ്റൽ പണിയുന്നതിന് ഠ ൪,൦൦൦ ക. അനുവദിച്ചിട്ടുണ്ട്. മാസത്തിൽ ന ൈ ക. വാടകകൊടുത്തു് ഫ വ്യ കെട്ടിടങ്ങളിലായി കുട്ടികളെ താമസിപ്പിച്ചിട്ടുണ്ട്.

PERMITS FOR IRON—NON-DELIVERY OF

193. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ വൈ. ഡബ്ലിയു. സ.. എ-ക്കു് അടുത്തു് ഇരിമ്പിനുള്ള പെർമിറ്റ് കൊടുക്കുകയുണ്ടായോ;

(ബി) ആപ്പീസ്സിൽനിന്നും ഇഷ്യൂചെയ്യുന്ന പെർമിറ്റുകൾ കിട്ടുന്നില്ലെന്നുള്ള പരാതി ബഹുമാനപ്പെട്ട മന്ത്രിയുടെ പക്കൽ നിവേദനം മൂലം അറിയിക്കുകയുണ്ടായോ;

(സി) അതിനു് എന്തു സാമാധാനമാണു ബഹുമാനപ്പെട്ട മന്ത്രി മറുപടിയായി നല്കിയതു്;

(ഡി) ഇത്തരം ഇഷ്യൂ ചെയ്യുന്ന പെർമിറ്റുകൾ കൃത്രിമമായി വ്യാപരിക്കുന്ന കുറെ വാളികളെ കണ്ടുപിടിച്ചു ശിക്ഷിക്കുന്ന വല്ല നടപടിയും ഗവൺമെണ്ടു നടത്തിയിട്ടുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: (എ) ഉവ്വു്.

(ബി) ഇല്ല.

(സി) (ഡി) ബി.യുടെ ഉത്തരംകൊണ്ടു് ഇതിനു് ഉത്തരം ആവശ്യമില്ല.

RICE DETECTION OF

194. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ അസിസ്റ്റാണ്ടു് സപ്ലൈ ആപ്പീസ്സർ ഫ ഫ ഠ ഠ കുന്നി ഠ-ാംന-ക്കുഞ്ഞേരിയിലുള്ള ഒരു റേഷൻ പീടികയിൽനിന്നു് അരി കണ്ടെടുക്കയുണ്ടായോ;

(ബി) ഉണ്ടെന്നുവരികിൽ എത്ര പറ അരിയാണു്;

(സി) ആരുടെ റേഷൻ ഷാപ്പിൽനിന്നാണു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: (എ) ഫ ഫ ഠ ന കുന്നി ഫ-ാംന- കണ്ടെടുക്കുകയുണ്ടായി.

(ബി) ന്യ ൦ പറ അരി.

(സി) ക്ലുക്കുഞ്ചേരിയിൽ കെ. പി. ജോസഫിന്റെ പീടികയിൽനിന്നു്.

RATION SHOP HOLDERS—NON-PURCHASE OF CERTAIN ARTICLES—PARTICULARS OF

195. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനിപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ചിലറേഷൻ പീടികകളിൽ കൂടുതൽ ആദായം കിട്ടാത്ത ചില സാമാനങ്ങൾ (പരിപ്പു്, ഉഴുന്നു് തുടങ്ങിയ സാമാനങ്ങൾ) വില്പനക്കു വാങ്ങുന്നതേയില്ലെന്നുള്ള റേഷൻ കാർഡുകാരുടെ പരാതി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെയുടനു് ഗവൺമെണ്ടു് എന്തു നടപടിയാണു് എടുത്തിട്ടുള്ളതു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: (എ) ഉണ്ടു്.

(ബി) അങ്ങിനെയുള്ള റേഷൻഷാപ്പുകാരുടെ പേരിൽ വേണ്ട നടപടി എടുക്കുകയും ടി സാധനങ്ങൾ ഉടനെ സ്റ്റോക്കു ചെയ്യിപ്പിക്കുകയും ചെയ്തിട്ടുണ്ടു്.

ARTICLE IN "NAVALOKAM"—PARTICULARS OF

196. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ഫ ഫ ഠ ഠ കുംഭം ഠ ന-ാംന-യിലെ "നവലോകം" കടലാസ്സിലെ "Commerce Member ignored—Trichur Merchants' Association protests" എന്ന പ്രസിദ്ധീകരണം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അതിലെ ഓരോ പ്രമേയങ്ങളുടെയും അത്യാവശ്യകതയെ ഗവൺമെണ്ടു മനസ്സിലാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനു് എന്തെല്ലാം നടപടിയാണു് എടുത്തിട്ടുള്ളതു്;

(ഡി) അസോസിയേഷൻ പാസ്സാക്കിയിരിക്കുന്ന അഞ്ചു പ്രമേയങ്ങളിൽ എന്തെങ്കിലും ഗവൺമെണ്ടു സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly